ശ്രീ രാം ചന്ദ്ര മിഷൻ ®
ജൂലൈ 2010
വാല്യം 3 ലക്കം 4
India ECHOES
ONE WORLD ONE HUMANITY
സ്വകാര്യ പ്രചരണത്തിനു മാത്രം

# മാസ്റ്റർ എൺപത്തിനാലിൻെറ നിറവിൽ




മാസ്റ്റർ ആരാണ് എന്നതിന് ഒരു പൂർണ്ണനിർവ്വചനം നൽകുക അസാധ്യമായതിനാൽ, വ്യക്തിപരമായ ചില കാഴ്ചപ്പാടുകളാണ് ഇവിടെ കുറിച്ചിരിക്കുന്നത്. 84–ാം വയസ്സിൽ മാസ്റ്ററുടെ ആരോഗ്യം പഴയതുപോലെയല്ല. അദ്ദേഹം തൻെറ ഊർജ്ജം വളരെ ശ്രദ്ധയോടെ സംഭരിച്ചു വെക്കുകയും വിവിധ ജോലികൾക്കിടയിൽ വിശ്രമ സമയം കണ്ടെത്തുകയും ചെയ്യുന്നു. ചെയ്യേണ്ട കാര്യങ്ങളുടെ പ്രാധാന്യമനുസരിച്ച് അദ്ദേഹം തൻെറ സമയവും ഉർജ്ജവും ചെലവഴിക്കുന്നു. അതു കൊണ്ടുതന്നെ അന്നന്ന് ചെയ്യേണ്ട ജോലികൾ അദ്ദേഹം ഒട്ടും സമ്മർദ്ദമില്ലാതെയാണ് ചെയ്തു തീർക്കുന്നത്. മിഷൻെറ ഭരണ സംബന്ധിയായതോ അല്ലെങ്കിൽ അഭ്യാസികൾ തങ്ങളുടെ പ്രശ്നങ്ങൾ സൂചിപ്പിച്ച് അയക്കുന്നതോ ആയ ഇമെയിലുകൾക്ക് അതാത് ദിവസം തന്നെ കൃത്യമായി മറുപടി നൽകുന്ന മാസ്റ്ററുടെ കഴിവിനെ അത്ഭുതത്തോടെയല്ലാതെ നോക്കികാണാൻ കഴിയില്ല.

മാസ്റ്റർ ഉത്സാഹപൂർവ്വം വിവിധ ചികിത്സകൾക്ക് വിധേയനാകാറുണ്ട്. തന്നെ ചികിത്സിക്കുന്നവരെ സന്തോഷിപ്പിക്കാനാണ് അദ്ദേഹം ഇങ്ങനെ ചെയ്യുന്നതെന്ന് ചിലപ്പോൾ തോന്നിപ്പോകും. കടുത്ത സൂര്യതാപത്തിൽ നിന്ന് അദ്ദേഹത്തെ സംരക്ഷിക്കുന്നത് തൻെറ കറുത്ത കണ്ണടയാണ്. ഇമെയിലുകൾ പരിശോധിക്കുന്നതിനും അവയ്ക്കു മറുപടി അയക്കുന്നതിനും മാസ്റ്ററെ സഹായിക്കുന്നത് സഹോ. സത്ബീറും മാസ്റ്ററുടെ പൗത്രനായ സഹോ.ഭാർഗ്ഗവും ആണ്.

കാഴ്ചശക്തിക്ക് മങ്ങലേറ്റിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ ഉൾക്കാഴ്ച എന്നത്തേയും പോലെ അതിൻെറ പാരമ്യതയിൽ തന്നെയാണ്. ആളുകളെനേരിട്ട് കാണുന്നതിനേക്കാൾ അവരുടെ സാന്നിധ്യം തിരിച്ചറിയുകയാണ് അദ്ദേഹം ചെയ്യുന്നത്.

പല ഭക്ഷ്യവസ്തുക്കളും നിഷിദ്ധമായതിനാൽ ചുരുക്കം ചില വിഭവങ്ങൾ മാത്രമേ മാസ്റ്റർ തൻെറ ഭക്ഷണത്തിലുൾപ്പെടുത്താറുള്ളൂ. എന്നാലോ, അഭ്യാസികൾക്കൊപ്പം അദ്ദേഹം തീന്മേശയ്ക്കു മുന്നിലിരിക്കുന്നത് ചക്രവർത്തിയെപ്പോലെയാണ്. ഭക്ഷണ വേളയിൽ മിക്കപ്പോഴും അദ്ദേഹം നിശ്ശബ്ദനായിരിക്കും (ചിലപ്പോൾ കൂടിയിരിക്കുന്നവരിൽ കർമ്മനിരതനായിരിക്കുന്നതാകാം). ചിലപ്പോഴെങ്കിലും സംഭാഷണ ശകലങ്ങളും ഫലിതപ്രയോഗങ്ങളും ഉരുളയ്ക്കുപ്പേരിപോലുള്ള മറുപടികളും ഭക്ഷണസമയത്ത് മാസ്റ്ററിൽ നിന്നും ഉണ്ടാവാറുണ്ട്.

വളരെക്കുറച്ചു മാത്രമേ നടക്കാൻ പോകാറുള്ളുവെങ്കിലും ഊന്നുവടിയുടെ സഹായത്തോടെ തൻെറ മുറിയിൽ വെച്ച് അദ്ദേഹം ചില വ്യായാമം ചെയ്യാറുണ്ട്. ശാരീരിക വിഷമങ്ങൾ നേരിടുമ്പോൾ അദ്ദേഹം ഡോ.മോഹനസെൽവത്തിൻെറ സഹായം തേടാറുണ്ട്. സഹജ് മെഡിക്കൽ സെൻററിലെ ദന്തഡോക്ടറുടെ സേവനവും ചിലപ്പോൾ ഉപയോഗപ്പെടുത്താറുണ്ട്. ആരോഗ്യ പ്രശ്നങ്ങളെ അദ്ദേഹം മിക്കപ്പോഴും ഗൗരവമായി എടുക്കാറില്ല . ശാരീരികാസ്വാസ്ഥ്യങ്ങൾ നേരിടുമ്പോഴാണ് അദ്ദേഹത്തിലെ ഫലിതം ഉച്ചസ്ഥായിയിലെത്തുക എന്നത് കൗതുകകരമായ ഒരു വസ്തുതയാണ്.

മിഷൻെറ ദ്രുതഗതിയിലുള്ള വളർച്ചക്ക് സാക്ഷ്യം വഹിച്ച മാസ്റ്ററുടെ ജോലിയും ഉത്തരവാദിത്വവും അതേരീതിയിൽ തന്നെ വർദ്ധിച്ചിരിക്കുന്നു. ആശ്രമത്തിനകത്ത് തുറന്ന വാഹനത്തിൽ യാത്ര ചെയ്ത് തനിക്കായ് കാത്ത് നിൽക്കുന്ന അഭ്യാസികളെ കാണുവാനും, അവരെ അനുഗ്രഹിക്കുവാനും, അവരോട് സംസാരിക്കുവാനും മാസ്റ്റർ സമയം കണ്ടെത്തുന്നു. മണപ്പാക്കം, തിരുപ്പൂർ, കൊൽക്കത്ത എന്നിവിടങ്ങളിലായിരിക്കുമ്പോൾ മാസ്റ്ററുടെ കൂടെ കുറച്ച് ദിവസം കഴിയുവാൻ ഇന്ത്യയിലെ വിവിധ സെൻററുകളിലെ അഭ്യാസികളെഅവിടേക്ക് ക്ഷണിക്കാറുണ്ട്. ധാരാളം അഭ്യാസികൾക്കൊപ്പം സമയം ചെലവഴിക്കുന്നതിലും സത്സംഗം നടത്തുന്നതിലും മാസ്റ്റർ സന്തോഷം കണ്ടെത്തുന്നു.

ഒമേഗാ സ്കൂൾ, സത്കോൽ ആശ്രമം, ക്രെസ്റ്റ്, റിട്രീറ്റ് സെൻററുകൾ തുടങ്ങിയ മാസ്റ്ററുടെ സൃഷ്ടികളും പ്രധാനപ്പെട്ട ആശ്രമങ്ങളും സെൻററുകളും മാസ്റ്ററുടെ സാമീപ്യവും ശ്രദ്ധയും ആവശ്യപ്പെടുന്നു. ശാരീരിക വിഷമതകൾ സഹിച്ചാണെങ്കിലും എല്ലായിടവും സന്ദർശിക്കുവാൻ മാസ്റ്റർ ശ്രദ്ധിക്കുന്നുണ്ട്.

ആകാശമാർഗ്ഗം ദീർഘദൂരം സഞ്ചരിക്കുവാൻ പ്രയാസമായതിനാൽ വിദേശ യാത്രകൾ ഇപ്പോൾ അദ്ദേഹം നടത്താറില്ല. ഇന്ത്യയിൽ കഴിയുന്നിടത്തോളം കരമാർഗ്ഗമുള്ള സഞ്ചാരമാണ് അദ്ദേഹം തെരഞ്ഞെടുക്കുന്നത്.

ഒമേഗാ സ്കൂളിലെ വിദ്യാർത്ഥികളെന്നൊ, അഭ്യാസികളായ മാതാപിതാക്കൾക്കൊപ്പം വരുന്നവരെന്നൊ എന്ന വ്യത്യാസമില്ലാതെ കുട്ടികളിൽ മാസ്റ്റർ വലിയ ശ്രദ്ധ പുലർത്തുന്നു. അവരോട് സംസാരിക്കുവാനും, കൊച്ചു കുട്ടികൾക്ക് പേരിടുവാനും, മുതിർന്ന കുട്ടികളോട് തമാശ പറയുവാനും, ഊന്നുവടിയുടെ അറ്റം അവരുടെ ശിരസ്സിൽ വെച്ച് അനുഗ്രഹിക്കാനും മാസ്റ്റർ സമയം കണ്ടെത്തുന്നു.

മാറ്റത്തിൻെറ കാഹളം മുഴക്കിക്കൊണ്ട് മുന്നോട്ട് വരുന്ന പുതുതലമുറയിലെ കണ്ണികളാണ് ഇവരിലോരോ കുട്ടിയും. കഴിഞ്ഞ 25 വർഷങ്ങളിലായ് മാസ്റ്റർ കാർമ്മികത്വം വഹിച്ച രണ്ടായിരത്തിലധികം വരുന്ന സഹജമാർഗ്ഗ വിവാഹങ്ങൾ, പുതു തലമുറ പടുത്തുയർത്തുന്നതിൽ വഹിച്ച പങ്ക് ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കപ്പെടേണ്ടതാണ്.

ഊർജ്ജസ്വലനും, ഫലിതപ്രിയനും, യൗവ്വനയുക്തമായ അന്തഃകരണത്തിനുടമയുമാണ് മാസ്റ്റർ. അദ്ദേഹത്തിൻെറ ഓർമ്മശക്തി എന്നത്തേയും പോലെ അപാരമാണിപ്പോഴും ബാബുജിയുടേതിനേക്കാൾ നീളം കുറഞ്ഞ താടി അടുത്ത കാലത്തായ് അദ്ദേഹം വളർത്തിയിട്ടുണ്ട്. തുടക്കത്തിൽ ഞങ്ങളിൽ ചിലർക്കെങ്കിലും ഇത് അത്ര ഭംഗിയുള്ളതായ് തോന്നിയിരുന്നില്ലെങ്കിലും ഇപ്പോൾ അത് അദ്ദേഹത്തിന് നന്നായി ഇണങ്ങുന്നുണ്ട്.

വർഷങ്ങൾക്ക് മുമ്പ് മാസ്റ്റർ എന്നോട് പറഞ്ഞു, മാസ്റ്റർ കുട്ടിയായിരിക്കുമ്പോൾ അദ്ദേഹത്തിൻെറ ഒരു വല്ല്യമ്മ അദ്ദേഹത്തോട് ഇങ്ങനെ പറയാറുണ്ടായിരുന്നത്രെ: “ശ്രീകൃഷ്ണ ഭഗവാൻെറ ചില അംശങ്ങൾ നിന്നിലുണ്ട്. നിനക്ക് തൊണ്ണൂറ് വയസ്സായാൽ പോലും നിന്നിൽ ആ അഴക് ഉണ്ടായിരിക്കും.“

തീർച്ചയായും ഏതൊരാൾക്കും ഷേക്സ്പിയറിൻെറ വാക്കുകൾ കടമെടുത്തുകൊണ്ട് മാസ്റ്ററെപ്പറ്റി ഇങ്ങനെ പറയാതെ വയ്യ : ‘‘അങ്ങയുടെ അനന്ത വൈവിധ്യത്തെ കെടുത്തുവാനോ, മങ്ങലേൽപ്പിക്കുവാനോ കാലത്തിന് കഴിയില്ല.’’

സഹോ. എ.പി. ദുരൈ.







ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## മാസ്റ്ററുടെ ജീവിതത്തിലെ ഒരു ദിവസം

മാസ്റ്ററുടെ ഒരു ദിവസം അദ്ദേഹത്തിൻെറ ദിനചര്യകളെ വളരെ അടുത്തു നിന്നു കാണുന്ന അദ്ദേഹത്തിൻെറ പേരക്കുട്ടിയായ സഹോ. മാധുരി ഇങ്ങനെ സംഗ്രഹിക്കുന്നു:

ഒരു സാധാരണ ദിവസം, പുലർച്ചെ

4:30 – ഒട്ടും സുഖകരമല്ലാത്ത ഉറക്കം സമ്മാനിച്ച ഒരു രാത്രിക്ക് ശേഷം നേരം പുലരുമ്പോഴേക്കും മാസ്റ്റർ ഉണർന്നു. ഒട്ടും നേരം കളയാതെ അദ്ദേഹം പ്രഭാത ധ്യാനത്തിനായി തയ്യാറെടുക്കുന്നു.

5:30 – തൻെറ ധ്യാനത്തിനു ശേഷം അദ്ദേഹം പ്രഭാതത്തിലെ ഇളം കാറ്റാസ്വദിക്കുവാനും കാപ്പികുടിക്കാനുമായി വരാന്തയിലേക്ക് നടക്കുന്നു. അദ്ദേഹത്തിൻെറ ഈ സമയം പ്രതീക്ഷിച്ച് കൊണ്ട് അഭ്യാസികൾ മെല്ലെ എത്തിച്ചേരുന്നു. അവരുടെ ആശംസകൾക്കും അഭിവാദനങ്ങൾക്കും സന്തോഷത്തോടെ പ്രതികരിച്ചു കൊണ്ട് അവരെ തൻെറയടുത്ത് ഇരിക്കുവാനായി സ്വാഗതം ചെയ്യുന്നു.









6:15 – ഈ സമയമാകുമ്പോഴേക്കും അദ്ദേഹം കാപ്പി കഴിഞ്ഞ് തൻെറ അന്നത്തെ ജോലി തുടങ്ങുന്നതിനായി ഓഫീസിലേക്ക് പോകും. അദ്ദേഹം ജോലി തുടങ്ങുന്നത് തനിക്ക് എല്ലാ ദിവസവും വരുന്ന ഈ-മെയിലുകളുമായാണ്. അവയ്ക്കെല്ലാം തന്നെ അക്ഷീണം മറുപടി നൽകുന്നു.

7:00 – വിവിധ സെൻററുകളിലേക്കായി 2 പ്രിസപ്റ്റർമാരെ തയ്യാറാക്കുന്ന പ്രവൃത്തിയിലേർപ്പെടുന്നു. ഇത് തീരുമ്പോഴേക്കും അദ്ദേഹത്തിൻെറ പ്രാതലിനുള്ള സമയമായി (8 മണി)





8:30 – പ്രാതലിനു ശേഷം മാസ്റ്റർ തൻെറ മുറിയിലേക്ക് പോകുന്നു. അവിടെയുള്ള അഭ്യാസികളുമായി അദ്ദേഹം സംഭാഷണത്തിലേർപ്പെടുന്നു. നവദമ്പതികൾ, ജന്മദിനം അഘോഷിക്കുന്നവർ, കുട്ടികൾ, വളരെ ദൂരദിക്കുകളിൽ നിന്നും വന്നവർ എന്നിവരെയെല്ലാം സന്ദർശിച്ചതിനു ശേഷം അദ്ദേഹം ഓഫീസിലേക്ക് തിരിച്ച് പോകുന്നു. അവിടെ വന്നവർക്കെല്ലാം അദ്ദേഹം 9 മണിക്ക് ഒരു സത്സംഗം വാഗ്ദാനം ചെയ്യുന്നു.

10:00 – സിറ്റിംഗിനുശേഷം അദ്ദേഹം ഓഫീസിലേക്ക് തിരിച്ചുപോയി വിവിധ സെൻററുകളുടെ ഭരണ കാര്യങ്ങളിലും സാമ്പത്തിക കാര്യങ്ങളിലും, പുതിയ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളിലും മുഴുകുന്നു. പിന്നീടദ്ദേഹത്തിന് പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി കൂടിക്കാഴ്ച്ചക്കുള്ള സമയമാണ്.

11:30 – ഉച്ചഭക്ഷണത്തിന് മുൻപായി ഒരു മണിക്കൂർ കമ്പ്യൂട്ടറിൻെറ സഹായത്തോടെയുള്ള റഷ്യൻ ഭാഷാപഠനം.





12:30 – യാദൃച്ഛികമെന്നോണം മൂന്നു റഷ്യക്കാർ അദ്ദേഹവുമൊത്ത് ഉച്ചഭക്ഷണത്തിന് ക്ഷണിക്കപ്പെടുന്നു. അവരോടൊത്തുള്ള ഈ സമയം ആസ്വദിക്കുന്ന അദ്ദേഹം അവരുമായി സംഭാഷണത്തിലേർപ്പെട്ടു കൊണ്ട് റഷ്യൻ ഭാഷ പരിശീലിക്കുന്നു.

1:30 – ഉച്ചഭക്ഷണത്തിന് ശേഷം മാസ്റ്റർ ഒരു ലഘു ഡോക്യുമെൻററി കാണുന്നു, മിക്കവാറും മൃഗങ്ങളെ കുറിച്ചുള്ളതായിരിക്കും അദ്ദേഹം തിരഞ്ഞെടുക്കുക.

2:30 – ഒന്നു മയങ്ങുവാനായി തൻെറ കിടപ്പുമുറിയിലേക്ക് വിടവാങ്ങുന്നു. ഉറങ്ങുന്നതിനു മുൻപായി ഏതെങ്കിലും ഒരു പുസ്തകം ഏകദേശം അരമണിക്കൂറോളം അദ്ദേഹത്തിന് വായിച്ചു കൊടുക്കാറുണ്ട്.

5:00 – അദ്ദേഹം ഉണർന്ന് അര മണിക്കൂറോളമുള്ള ശ്വസനവ്യായാമങ്ങൾക്കു ശേഷം ഒരു കപ്പ് കാപ്പിക്കായി തയ്യാറെടുക്കുന്നു. ഇതിനു ശേഷം മണപ്പാക്കം ആശ്രമത്തിൽ തൻെറ ഗോൾഫ് കാറിൽ ഒന്ന് ചുറ്റി വരും, വഴിയിൽ എല്ലാവരേയും കാണുകയും പുതിയ ആഡിറ്റോറിയത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ കാണുകയും ചെയ്യുന്നു. ഇടക്ക് കാൻറീനിൽ നിന്നും തൻെറ ചുറ്റുംകൂടിയ എല്ലാവരുമൊത്ത് എന്തെങ്കിലും ലഘുവായി ഭക്ഷിക്കുന്നു.

5:30 – കോട്ടേജിന് പുറത്തുള്ള പൂന്തോട്ടത്തിൽ അഭ്യാസികളുമൊത്ത് ഇരുന്ന് ഷാജഹാൻപൂരിൽ ബാബുജിയുമൊത്തുള്ള ദിനങ്ങളെക്കുറിച്ച് സംസാരിക്കുന്നു. പിന്നീട് അദ്ദേഹം 45 മിനിറ്റോളം ദൈർഘ്യമുള്ള ഒരു സിറ്റിംഗ് നൽകുന്നു. അതിന് ശേഷം വൈകുന്നേരത്തെ ജോലികൾക്കായി തിരികെ ഓഫീസിലേക്ക്.

7:30 – എല്ലാ ഈ മെയിലുകൾക്കുമുള്ള മറുപടിയും തൻെറ ഡയറി എഴുത്തും പൂർത്തിയാക്കിയശേഷം അദ്ദേഹം അത്താഴത്തിന് പോകുന്നു.

8:30 – അന്നത്തെ സിനിമക്കുള്ള സമയമായി. ഒരഭ്യാസി കൊണ്ടുവന്ന കൂട്ടത്തിൽ നിന്നും ഒരെണ്ണം തിരഞ്ഞെടുത്ത് അത് മറ്റുള്ളവരുമൊന്നിച്ച് കാണുന്നു.

10:30 :- ക്ഷീണമേകിയ ഒരു ദിവസത്തിനു ശേഷം ഒരു നല്ല ഉറക്കത്തിനായി തൻെറ കിടപ്പുമുറിയിലേക്ക് പോകുന്നു.

ജൂലൈ 2010 വാല്യം 3 ലക്കം 4

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക





## മാസ്റ്റർ തിരുപ്പൂരിൽ

ഏപ്രിൽ 16–ാം തീയ്യതി മാസ്റ്റർ തിരുപ്പൂരിലെ ഡയമണ്ട് ജൂബിലി പാർക്കിലേക്ക് യാത്ര തിരിച്ചു. 18–ാം തീയ്യതി ഞായറാഴ്ച 3000–ലേറെ അഭ്യാസികൾക്കായി അദ്ദേഹം രാവിലെ 7:30–ന് സത്സംഗം നടത്തി. വൈകുന്നേരം അദ്ദേഹം ചെട്ടിപാളയത്തുള്ള യോഗാശ്രമം സന്ദർശിച്ചു. ആശ്രമത്തിൻെറയും മാസ്റ്ററുടെ വസതിയുടെയും പരിപാലനത്തെ അദ്ദേഹം പ്രശംസിച്ചു. കുറച്ചു സമയം അവിടെ ചിലവിട്ടതിനുശേഷം അദ്ദേഹം ഡിജെ പാർക്കിലേക്ക് മടങ്ങി.

ഏപ്രിൽ 19–ാം തീയ്യതി വൈകുന്നേരം മാസ്റ്റർ തിരുപ്പൂരിൽ നിന്നും 30.കി.മി. അകലെ സ്ഥിതി ചെയ്യുന്ന കാങ്കേയം ആശ്രമം സന്ദർശിച്ചു. വളരെ ഭംഗിയുള്ള അവിടുത്തെ അന്തരീക്ഷത്തിൽ ധ്യാന മന്ദിരത്തിൻെറ പുറത്തുള്ള ഒരു വേപ്പ് മരത്തിൻെറ കീഴിലിരുന്ന് മാസ്റ്റർ എല്ലാവർക്കും സിറ്റിംഗ് നൽകി. സമീപ പ്രദേശങ്ങളിലെ സെൻററുകളിൽ നിന്നുള്ള 300–ഓളം അഭ്യാസികൾ ഈ സത്സംഗത്തിൽ പങ്കെടുത്തു.

ഏപ്രിൽ 23–ാം തീയ്യതി ഞായറാഴ്ച അദ്ദേഹം ആശ്രമത്തിലുണ്ടായിരുന്ന 3000–ത്തോളം അഭ്യാസികൾക്കായി സത്സംഗം നടത്തി. ഇളംകാറ്റും പ്രകൃതി സൗന്ദര്യവും ആസ്വദിച്ചു കൊണ്ട് എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ അദ്ദേഹം പൂന്തോട്ടത്തിൽ ഇരിക്കുമായിരുന്നു.

ബാബുജിയുടെ ജന്മദിനാഘോഷങ്ങൾക്കായുള്ള തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ അവിടെ നടന്നു കൊണ്ടിരിക്കുകയായിരുന്നു. വിവിധ സെൻററുകളിൽ നിന്നുമുള്ള വളൻറിയർമാർ ആഘോഷങ്ങൾക്കുള്ള വേദിയൊരുക്കുന്നതിനായി പ്രയത്നിക്കുന്നുണ്ടായിരുന്നു. അവിടെ കെട്ടിപ്പടുത്ത ധ്യാന മന്ദിരം 15000 പേരെ ഉൾക്കൊള്ളാൻ കഴിയുന്നതായിരുന്നു

സംപൂജ്യ ബാബുജിയുടെ ജന്മദിനാഘോഷങ്ങൾ വളരെ പ്രശാന്തമായ അന്തരീക്ഷത്തിൽ ഏപ്രിൽ 29 മുതൽ മെയ് 1 വരെ കൊണ്ടാടി. ഡിജെ പാർക്ക് വളരെ ആഡംബരത്തോടെ അലങ്കരിച്ചിരുന്നു. ധ്യാനമന്ദിരത്തിലുള്ള മാസ്റ്ററുടെ വേദി വളരെ ഭംഗിയായി പുഷ്പങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു. അവിടെ ഉണ്ടായിരുന്ന 9000 അഭ്യാസികൾക്കായി അദ്ദേഹം സത്സംഗം നടത്തുകയും തുടർന്ന് പുസ്തകങ്ങളും സിഡികളും ഡിവിഡികളും പ്രകാശനം ചെയ്യുകയും ചെയ്തു.

30–ാം തീയ്യതി വൈകുന്നേരം 5:15ന് മാസ്റ്റർ സത്സംഗം നടത്തി. തുടർന്ന് പൂനെ സെൻററിലെ അഭ്യാസികളുമായി സംവാദം നടത്തിയ അദ്ദേഹം മാസ്റ്ററുടെ ശ്രദ്ധപറ്റാനുള്ള അഭ്യാസികളുടെ ആഗ്രഹത്തെക്കുറിച്ച് സംസാരിച്ചു. മാസ്റ്ററോടൊപ്പമുള്ളപ്പോൾ അഹംബോധം പാടില്ലെന്നും മാസ്റ്ററിൽ നിന്നും ഒന്നും പ്രതീക്ഷിക്കരുതെന്നും അദ്ദേഹം പറഞ്ഞു.

5–ാം തീയ്യതി രാവിലെ മാസ്റ്റർ കോയമ്പത്തൂരിലെ ആശ്രമത്തിൽ എത്തിച്ചേരുകയും അവിടെ കൂടിയിരുന്ന 1000ത്തോളം അഭ്യാസികൾക്കായി 9 മണിയുടെ സത്സംഗം നടത്തുകയും ചെയ്തു.

വൈകുന്നേരം അദ്ദേഹം മലമ്പുഴയിലേക്ക് യാത്ര തിരിച്ചു. ചൂടും ഈർപ്പം കൂടുതലുള്ളതുമായിരുന്നു മലമ്പുഴയിലെ കാലാവസ്ഥ. റിട്രീറ്റ് സെൻററിൽ ഒരു രാത്രി ചിലവഴിച്ച് പിറ്റേന്ന് പ്രാതലിനു ശേഷം മടങ്ങാനുള്ള പദ്ധതിയുമായാണ് മാസ്റ്റർ മലമ്പുഴയിൽ ചെന്നത്. എന്നാൽ അടുത്ത ദിവസം രാവിലെ കാട്ടാനകളുടെ ശല്യം കാരണം റോഡുകൾ ബ്ലോക്കായതിനാൽ മാസ്റ്റർക്ക് അവിടെതന്നെ തങ്ങേണ്ടി വന്നു.അദ്ദേഹം ഇങ്ങനെ പറഞ്ഞു "എൻെറ യജമാനൻെറ (ബാബുജി) ആഗ്രഹം ഞാൻ ഇവിടെ തന്നെ തങ്ങണം എന്നാണ് ".

7–ാം തീയ്യതി രാവിലെ മാസ്റ്റർ തിരുപ്പൂരിൽ തിരിച്ചെത്തി. 9–ാം തീയ്യതി ഞായറാഴ്ച രാവിലെ അദ്ദേഹം ഡിജെ പാർക്കിൽ കൂടിയിരുന്ന 1500 ഓളം അഭ്യാസികൾക്കായി സത്സംഗം നടത്തി.

മെയ് 10–ാം തീയ്യതി വിവിധ സെൻററുകളിൽ നിന്നുമുള്ള അഭ്യാസികളെ തിരുപ്പൂരിലേക്ക് ക്ഷണിക്കാൻ മാസ്റ്റർ തീരുമാനിച്ചു. അതിനാൽ 11–ാം തീയ്യതി മുതൽ രാജപാളയം, ശ്രീവില്ലിപുത്തൂർ, ഹൈദരാബാദ്, പിന്നെ മദുരൈ സോണിലെ എല്ലാ സെൻററുകളിൽ നിന്നുമായി അനേകം അഭ്യാസികൾ ഡിജെ പാർക്കിൽ എത്തിച്ചേരാൻ തുടങ്ങി.

മെയ് 11 മുതൽ 16 വരെയുള്ള തീയ്യതികളിൽ മാസ്റ്റർ രാവിലെ 6:30–നുള്ള സത്സംഗം നടത്തി. 1500–ലധികം അഭ്യാസികൾ വിവിധ സെൻററുകളിൽ നിന്നായി ഇതിൽ പങ്കെടുത്തു. 16–ാം തീയ്യതി വൈകുന്നേരത്തെ സത്സംഗത്തിനു ശേഷം മാസ്റ്റർ എല്ലാ അഭ്യാസികളോടും തൻെറ കൂടെ അവിടെ തങ്ങിയതിന് നന്ദി രേഖപ്പെടുത്തുകയും ഒരു പ്രഭാഷണത്തോടുകൂടി ആ പരിപാടിക്ക് സമാപ്തികുറിക്കുകയും ചെയ്തു. പ്രഭാഷണത്തിൽ അദ്ദേഹം അഭ്യാസികളോട് അവിടെ നിന്നും സംപ്രേക്ഷണത്തിലൂടെ തങ്ങൾക്കു ലഭിച്ച നിധി, നിത്യേനയുള്ള സാധനയിലൂടെയും ദശ സൂക്തങ്ങൾ പാലിച്ചും ഹൃദയങ്ങളിൽ കാത്തുസൂക്ഷിക്കുവാൻ അഭ്യർത്ഥിച്ചു. പ്രഭാഷണത്തിൻെറ അവസാനം ഇത്തരം പരിപാടികൾ (മാസ്റ്ററുമൊത്തുള്ള സത്സംഗങ്ങൾ) ഭാവിയിലും തുടരുമെന്ന് ഉറപ്പു നൽകുകയും കൂടുതൽ കൂടുതൽ ഏറ്റുവാങ്ങാൻ കെൽപ്പുള്ള ഹൃദയവുമായി തിരിച്ചു വരാൻ എല്ലാ അഭ്യാസികൾക്കും സാധിക്കട്ടെ എന്ന് അനുഗ്രഹിക്കുകയും ചെയ്തു.

ഒരു മാസത്തെ തൻെറ തിരുപ്പൂരിലെ താമസത്തിനുശേഷം അദ്ദേഹം 19–ാം തീയ്യതി കോയമ്പത്തൂരിലെ ഒരു അഭ്യാസിയുടെ വസതിയിലേക്ക് യാത്ര തിരിക്കുകയും, പിറ്റേന്ന് രാവിലെ അവിടെ സത്സംഗം നടത്തുകയും ചെയ്തു.

മലമ്പുഴ





കോയമ്പത്തൂർ


എൽഎംഒഐഎസിലെ കുട്ടികളൊത്ത്


ദചന്നൈ

## തിരിച്ച് ചെന്നൈയിൽ

മെയ് 21–ാം തീയ്യതി രാവിലെ 11:30–ന് മാസ്റ്റർ ചെന്നൈയിൽ എത്തിച്ചേർന്നു. തുടർന്നുള്ള മൂന്നാഴ്ചകൾ അദ്ദേഹം ഗായത്രിയിലും മണപ്പാക്കം ആശ്രമത്തിലുമായി ചെലവഴിച്ചു. കുറേ നാളത്തെ ഇടവേളയ്ക്കുശേഷം 23–ാം തീയ്യതി രാവിലെ ലഭിച്ച ആദ്യത്തെ മാസ്റ്ററുടെ സത്സംഗം ചെന്നൈ അഭ്യാസികളിൽ നിർവൃതിയുളവാക്കി. തൻെറ വസതിയിലെ താമസത്തിനിടെ മാസ്റ്റർ ശാന്തമായ അന്തരീക്ഷം ആസ്വദിക്കുന്നതിനായി അവിടെയുണ്ടായിരുന്നവരുടെ കൂടെ പല തവണ മറീനാ ബീച്ച് സന്ദർശിച്ചു.

ലാലാജി മെമ്മോറിയൽ ഒമേഗാ ഇൻറർനാഷണൽ സ്കൂളിലെ 10–ാം തരം വിദ്യാർത്ഥികളെല്ലാവരും തന്നെ വളരെ നല്ല മാർക്കോടുകൂടി പാസ്സാവുകയും സ്കൂൾ നൂറു ശതമാനം വിജയം കരസ്ഥമാക്കുകയും ചെയ്തിരുന്നു. മെയ് 28–ാം തീയ്യതി മാസ്റ്റർ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി സ്കൂൾ സന്ദർശിക്കുകയുണ്ടായി. സന്തോഷം നിറഞ്ഞു നിന്നിരുന്ന ആ സായാഹ്നത്തിൽ നിരായാസമായ സംഭാഷണങ്ങൾക്കും വഴിയൊരുക്കി. ജീവിതത്തിൽ ഏറ്റവും കൂടുതൽ നേടുക എന്നതിനെക്കുറിച്ച് കുട്ടികളോട് സംസാരിക്കവെ മാസ്റ്റർ ഇങ്ങനെ പറഞ്ഞു "ഞാൻ എപ്പോഴും കുട്ടികളോട് ക്ലാസ്സിൽ ഒന്നാമനാവരുത് എന്നാണ് പറയാറുള്ളത്. അങ്ങനെയായാൽ എല്ലാവരും എപ്പോഴും നിങ്ങളിൽ നിന്നും കൂടുതൽ പ്രതീക്ഷിച്ചു കൊണ്ടേയിരിക്കും. എൻെറ കാലത്ത് റാങ്കുകൾ ഇല്ലായിരുന്നു. വിഷയത്തെ കുറിച്ചുള്ള യഥാർത്ഥ വിജ്ഞാനത്തിന് മാത്രമായിരുന്നു പ്രാധാന്യം നൽകിയിരുന്നത്." ഒരു മുഴുവൻ ജീവിതം നയിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി അദ്ദേഹം വിശദീകരിച്ചു. തൻെറ പഠന സംബന്ധമായ കാര്യങ്ങൾക്കും തൊഴിലിനും മാത്രം ഊന്നൽ നൽകാതെ, ധാനധർമങ്ങൾക്കും ആരോഗ്യകരമായ ബന്ധങ്ങൾക്കും നല്ല സ്വഭാവത്തിനും പരിപൂർണമായ സന്തോഷത്തിനും ഊന്നൽ നൽകണമെന്ന് അദ്ദേഹം പറഞ്ഞു.

ജൂൺ 6–ാം തീയ്യതി മാസ്റ്റർ എട്ട് വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും അഭ്യാസികളുമായി ഇടപഴകുകയും ചെയ്തു. 7–ാം തീയ്യതി ആന്ധ്രയിലെ കർണൂൽ സെൻററിൽ നിന്നും ഏകദേശം 150 അഭ്യാസികൾ മാസ്റ്ററോടൊത്ത് സമയം ചെലവഴിക്കുവാൻ എത്തിയിരുന്നു. തൻെറ ദിനചര്യയിൽ നിന്നും വ്യത്യസ്തമായി അദ്ദേഹം തൻെറ രാത്രി ഭക്ഷണം ആശ്രമത്തിലെ കാൻറീനായ രുചി കഫെയിൽ നിന്നും അഭ്യാസികളോടൊത്ത് കഴിച്ചു. ആ സായഹ്നത്തിൽ അച്ചടക്കം എങ്ങും പ്രകടമായിരുന്നു, എല്ലാവരും മാസ്റ്ററുടെ സ്ഥാനം മാനിക്കുകയും അതേ സമയം അദ്ദേഹത്തോടൊത്ത് ചെലവഴിക്കുകയും ചെയ്തു. മാസ്റ്റർ തൻെറ ഭവനത്തിൽ നിന്നും തിരിച്ച് ആശ്രമത്തിലെത്തിയപ്പോഴും ഇതേ അച്ചടക്കം പ്രകടമായിരുന്നു. അവിടെ വടക്കേ ആന്ധ്രയിൽ നിന്നും 1200–ഓളം അഭ്യാസികൾ അദ്ദേഹത്തെ കാത്ത് ആശ്രമത്തിൻെറ എല്ലാകോണിലും നിൽപ്പുണ്ടായിരുന്നു. വൈകുന്നേരങ്ങളിലുള്ള തൻെറ ആശ്രമ സന്ദർശനത്തിനിടെ പുതിയ ഓഡിറ്റോറിയം ബ്ലോക്കിൻെറ പണിയിൽ അദ്ദേഹം എപ്പോഴും ഒരു ശ്രദ്ധ വെച്ചിരുന്നു. വളരെ ദൂരം സന്ദർശിച്ച് മണപ്പാക്കത്ത് എത്തിച്ചേർന്നവർക്കു വേണ്ടി അടുത്ത മൂന്നു ദിവസങ്ങളിൽ അദ്ദേഹം ധ്യാന മന്ദിരത്തിൽ പല തവണ സത്സംഗങ്ങൾ നടത്തി.

12–ാം തീയ്യതി മാസ്റ്റർ ആന്ധ്രയിൽ നിന്നും 60 അഭ്യാസികളെതൻെറ വീട്ടിൽ സ്വീകരിക്കുകയും ഉച്ച ഭക്ഷണത്തിനു ശേഷം അവരെ യാത്രയാക്കുകയും ചെയ്തു. 13–ാം തീയ്യതിയിലെ സത്സംഗത്തിൽ പങ്കു ചേരാൻ 5000ത്തിലേറെ അഭ്യാസികൾ എത്തിയിരുന്നു. സത്സംഗത്തിനുശേഷം അദ്ദേഹം രണ്ടു വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അഭ്യാസികളുമായി നടത്തിയ ഒരു അനൗപചാരിക സംഭാഷണത്തിൽ അദ്ദേഹം ദിവ്യത്വത്തെ കുറിച്ചുള്ള സ്വബോധത്തെകുറിച്ച് ഇങ്ങനെ പറഞ്ഞു " ഓരോ അഭ്യാസിക്കും ധ്യാനസമയം നൽകുന്നത് വ്യത്യസ്ഥമായ അനുഭവമാണ്. അതെല്ലാം ശരിയുമാണ്. ദിവ്യത്വം നമ്മളുമായി അലിഞ്ഞുചേർന്നു ഒരു അദ്വിതീയ ബന്ധം സ്ഥാപിക്കുന്നതു കൊണ്ടാണ് അത് സംഭവിക്കുന്നത്. ഒരു ട്യൂണിംഗ് ഫോർക്ക് വീണയുടെ കമ്പിയിൽ പ്രതിധ്വനിക്കുന്നതുപോലെ നമ്മളിൽ യതാർത്ഥ ദിവ്യത്വം സഫലമാകുന്നത്." എല്ലാവരും ഈ സംഭാഷണത്തിൽ മുഴുകിയിരിക്കുകയായിരുന്നു, ഇതേതുടർന്ന് അവിടെ കൂടിയിരുന്നവർക്ക് മാസ്റ്റർ ഒരു സിറ്റിംഗ് നൽകി.

## പുതിയ ഭാരവാഹികൾ

| | |
|---|---|
| സഹോ. ഡോ. കെ.ടി.മഞ്ജുനാഥ് | ഡയറക്റ്റർ, റിട്രീറ്റ് സെൻറർ, പാൻഷെറ്റ്, പൂനെ |
| സഹോ. ഡോ.എ.പെരുമാൾ | ഡയറക്റ്റർ, ക്രെസ്റ്റ്, ബാംഗ്ലൂർ |

### സോണൽ ഇൻ ചാർജ്

| | |
|---|---|
| സഹോ. ശേഷാദ്രി വെങ്കടാദ്രി | കർണ്ണാടക സൗത്ത് |
| സഹോ. ടി.വി. വിശ്വനാഥ റാവു | തമിഴ്നാട് സൗത്ത് |
| സഹോ. മനോജ് തിവാരി | ബീഹാറും ഝാർഖാണ്ഡും |
| സഹോ. എസ്.പ്രകാശ് | തമിഴ്നാട് നോർത്ത് |

### സെൻറർ ഇൻ ചാർജ്

| | |
|---|---|
| സഹോ. പ്രഭാകർ റാവൂറി | ബാംഗ്ലൂർ |
| സഹോ. ശേഖർ റോയ് | ബുബനേശ്വർ |

### റീജിണൽ ഇൻ ചാർജ്

| | |
|---|---|
| സഹോ. പ്രസന്ന കൃഷ്ണ | ഓഷ്യാന്യ |
| സഹോ. എൻ.എസ്.നാഗരാജ് | യൂറോപ് |
| സഹോ. ശരത് ഹെഗ്ഡെ | ആഫ്രിക്കൻ ഭൂഖണ്ഡവും ന്ത്യൻ ഓഷൻ ദ്വീപുകളും |
| സഹോ. നിതിൻ ഗോവില്ല | ഫാർ ഈസ്റ്റ്, സൗത്ത് ഈസ്റ്റ് ഏഷ്യ |
| സഹോ. വിനോദ് മിശ്ര | ചൈന |
| സഹോ. വില്ലിയം വേകോട്ട് | ലാറ്റിൻ അമേരിക്കയും കരീബ്യനും |
| സഹോ. സന്തോഷ് ശ്രീനിവാസൻ | കാനഡയും അമേരിക്കയും |
| സഹോ. ശ്രീധർ കഡംബി | പഴയ സിഐഎസ് രാജ്യങ്ങൾ |
| സഹോ. ആശിഷ് സിംഗ് | സൗത്ത് ഏഷ്യ (ശ്രീലങ്ക, ഭൂട്ടാൻ, പാകിസ്ഥാൻ, നേപ്പാൾ, ബംഗ്ലാദേശ്) |

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## ഭൂതകാലത്തിലേക്ക് ഒരു എത്തിനോട്ടം

1972–ൽ മാസ്റ്ററുടെ ബാബൂജിയോടൊത്തുള്ള പടിഞ്ഞാറൻ രാജ്യ സന്ദർശനവേളയിൽ എഴുതിയ യാത്രാ വിവരണങ്ങളടങ്ങിയ പുസ്തകമാണ് "ഇന്ത്യ ഇൻ ദ വെസ്റ്റ്". ഈ യാത്രാ വിവരണത്തിൽ നിന്നുമുള്ള ഒരേടാണ് ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഈജിപ്ത്: 1972 ഏപ്രിൽ 16–ന് ബാബൂജി ഷാജഹാൻപൂരിൽ നിന്നും ഡൽഹിയിലേക്ക് തിരിച്ചു. ഏപ്രിൽ 20–ന് ബോംബെയിൽ എത്തിച്ചേരുകയും, പിറ്റേന്ന് മാസ്റ്ററോടൊത്ത് കെയ്റോയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

ഇറ്റലി– റോമിൽ ചിലവഴിച്ച 9 ദിവസങ്ങളിൽ അവർ പല അഭ്യാസികളെ കാണുകയും, അവരുടെ വീടുകൾ സന്ദർശിക്കുകയും, താത്പര്യം പ്രകടിപ്പിച്ചവർക്ക് ഇൻട്രൊഡക്റ്ററി സിറ്റിങ്ങുകൾ നൽകുകയും, അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും, പുതിയ പ്രിസെപ്റ്റർമാരെ തയ്യാറാക്കുകയും ചെയ്തു. ഒരു പ്രാദേശിക ഒത്തുചേരലിൽ "മതവും ആദ്ധ്യാത്മികതയും സഹജമാർഗ്ഗത്തിൻെറ കാഴ്ചപ്പാടിൽ" എന്ന വിഷയത്തെ ഉദ്ധരിച്ച് മാസ്റ്റർ സംസാരിക്കുകയുണ്ടായി.

ഫ്രാൻസ് – ഏപ്രിൽ 29– നീസ്, മാർസേയിത്സ്, ലേ ബെസ്സെ, പാരീസ് എന്നിങ്ങനെ പല സ്ഥലങ്ങളിലും അവർ യാത്ര ചെയ്തു. ഒരു സായാഹ്നത്തിൽ ബാബൂജി ഒരു ഫ്രഞ്ചുകാരനുമായി സംഭാഷണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അദ്ദേഹം വളരെ വർഷങ്ങൾക്കുമുൻപ് ടിബറ്റിൽ ജീവിച്ചിരുന്ന ഒരു ലാമയുടെ കീഴിൽ തൻെറ തൃക്കണ്ണ് തുറക്കുന്നതിനായുള്ള യത്നത്തിൽ പങ്കെടുത്തിരുന്നു. ബാബൂജി അദ്ദേഹത്തോട് തന്നെ പഠിച്ച് അദ്ദേഹത്തിൻെറ കണ്ടെത്തലുകൾ വെളിപ്പെടുത്താൻ ആവശ്യപ്പെട്ടു. ലാലാജി ബാബൂജിയോടൊപ്പം സദാ നേരവും ഉണ്ടെന്ന് അദ്ദേഹം പറഞ്ഞത് ബാബൂജി ശരിവച്ചു. പിന്നീട് ബാബൂജിയുടെ സമ്മതത്തോടെ അദ്ദേഹം ബാബൂജിയിലേക്ക് പ്രക്ഷേപണം നടത്തുകയും ചെയ്തു. അദ്ദേഹത്തിന് തൻെറ ഗുരുവിനോടുള്ള ആത്മാർത്ഥതയും സ്നേഹവും ബാബൂജിയിൽ വളരെയധികം മതിപ്പുണ്ടാക്കി. അദ്ദേഹത്തെക്കുറിച്ച് തുടരെ തുടരെ ബാബൂജി പുകഴ്ത്തി സംസാരിക്കുകയും ചെയ്തു.

ഡെന്മാർക്ക് – ബാബൂജിക്കും മാസ്റ്റർക്കും കോപ്പെൻഹേഗനിലെ അഭ്യാസികൾ വളരെ ഊഷ്മളമായ വരവേൽപ്പാണ് നൽകിയത്.

മെയ് 12–ാം തീയ്യതി ഒരു ഡാനിഷ് റേഡിയോ സ്റ്റേഷൻ നടത്തിയ അഭിമുഖത്തിൽ ബാബൂജിയും മാസ്റ്ററും ചോദ്യങ്ങൾക്ക് മറുപടി നൽകി. പല ദേശങ്ങളിൽ നിന്നും അഭ്യാസികൾ ബാബൂജിയെ സന്ദർശിച്ചു. കോപ്പെൻഹേഗനിൽ സഹജമാർഗ്ഗത്തെപ്പറ്റി നടത്തിയ പൊതുസദസ്സിൽ 300 പേർ പങ്കെടുത്തിരുന്നു. ഈ തുറന്ന സദസ്സിനെപ്പറ്റിയുള്ള പരസ്യങ്ങൾ പത്രങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു.



## ചെന്നൈയിൽ വിബിഎസ്ഇ പരിശീലനം

ഏപ്രിൽ അവസാന വാരത്തിൽ ചെന്നൈയിൽ ബാബൂജി മെമ്മോറിയൽ ആശ്രമത്തിൽ വടക്കൻ സോണിലെ അഭ്യാസികൾക്കായി മൂന്ന് ദിവസത്തെ ശിൽപശാല സംഘടിപ്പിച്ചിരുന്നു. ഒരു ഡസനിലധികം ടീച്ചർമാരും, 3 പ്രിൻസിപ്പാൾമാരും അടങ്ങിയ 75–ഓളം പേർ വളരെ ഉത്സാഹത്തോടുകൂടി ഈ പരിപാടിയിൽ പങ്കെടുത്തു. എൽഎംഒഐഎസും എസ്എംആർടിഐയും ചേർന്നു പുതുതായി രൂപം നൽകിയ പാഠ്യപദ്ധതിയെപ്പറ്റിയും പാഠഭാഗങ്ങളെപ്പറ്റിയും കുട്ടികളുടെ മൂല്യ നിർണ്ണയ ഷീറ്റുകളെക്കുറിച്ചും രക്ഷിതാക്കൾക്കായിട്ടുള്ള ഫീഡ്ബാക്ക് ഫോറത്തിനെപ്പറ്റിയും ചർച്ച നടത്തി. ഈ ശിൽപശാല വളരെ ഗുണപ്രദമായിരുന്നു. പങ്കെടുത്തവരിൽ നിന്നും പുതിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിച്ചു.

ഈ പാഠ്യപദ്ധതി ഇപ്പോൾ തയ്യാറായി വരികയാണ്. പ്രൈമറി സ്കൂൾ പാഠ്യപദ്ധതി ഉടനെ തയ്യാറാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഭോപ്പാലിലെ വിബിഎസ്ഇ വേനൽക്കാല ശിബിരം

മെയ് 8–9 തീയ്യതികളിൽ ഭോപ്പാൽ സെൻറർ ഒരു വേനൽക്കാല ശിബിരം സംഘടിപ്പിച്ചു. 76 കുട്ടികൾ രജിസ്റ്റർ ചെയ്ത ഈ പരിപാടിയിൽ 26 പേർ അഭ്യാസികളല്ലാത്തവരുടെ കുട്ടികളായിരുന്നു.

ആദ്യ ദിവസം കുട്ടികളെ റോസാപ്പൂവുകൾ നൽകി ഊഷ്മളമായി സ്വീകരിച്ചു. ഇതിനുശേഷം "സ്വയം പ്രകടിപ്പിക്കുക" എന്ന പരിപാടിയിൽ പങ്കെടുത്തവർ സ്വയം പരിചയപ്പെടുത്തി. കുട്ടികളുടെ നല്ലതും ചീത്തയുമായ ശീലങ്ങളെ ഉദ്ധരിച്ച് പ്രദർശിപ്പിച്ച ലഘു നാടകം കുട്ടികൾക്ക് വളരെയധികം ഇഷ്ടപ്പെട്ടു. ദൈവം, ഗുരു പിന്നെ നമ്മളിലെ ദൈവത്തിൻെറ പ്രഭാവം എന്നിവയെപ്പറ്റി ചെറു പ്രവൃത്തികളിലൂടെ പ്രതിപാദിച്ചു. ബോട്ടു നിർമ്മാണവും പേപ്പർ ഉപയോഗിച്ചുള്ള ഒരിഗാമി എക്സെർസൈസുകളും കുട്ടികൾക്ക് വളരെയധികം ഇഷ്ടപ്പെട്ടു.

രണ്ടാം ദിനത്തിൽ "പ്രകൃതിയോട് ചേർന്ന്" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ പരിപാടിയിൽ, വായു, ഭൂമി, തീ, വെള്ളം, ഇടം എന്നീ അഞ്ച് പ്രാഥമിക മൂലകങ്ങളെക്കുറിച്ച് അവർക്ക് വിവരിച്ചു കൊടുത്തു. സമയത്തിൻെറ കൈകാര്യം, മാനസ്സിക ശുദ്ധീകരണം, വിവിധ പരിസ്ഥിതികളെ എങ്ങനെ നേരിടാം എന്നും ബൊമ്മകൾ കൊണ്ടും ഒരിഗാമി പാവകൾ കൊണ്ടും പ്രദർശിപ്പിച്ചു, ജല സംരക്ഷണത്തെക്കുറിച്ച് ഒരു പ്രസെൻേറഷൻ നടത്തുകയും, സാഹോദര്യത്തെക്കുറിച്ചും വസ്തുക്കളിലെ മാനുഷിക മൂല്യങ്ങളെ തിരിച്ചറിയുക എന്നതിനെക്കുറിച്ചുമെല്ലാം പരിപാടികൾ നടത്തുകയുണ്ടായി. എല്ലാ കുട്ടികളുടെയും പങ്കെടുക്കൽ ഉറപ്പുവരുത്തുന്നതിനായി അവരെക്കൊണ്ട് പാട്ടുകൾ പാടിക്കുകയും, ലഘുനാടകങ്ങൾ അവതരിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കുട്ടികളോട് മിഷൻെറ പ്രാർത്ഥന എല്ലാ ദിവസവും രാവിലെയും വൈകുന്നേരം കിടക്കുന്നതിനു മുൻപും ഉരുവിടുവാൻ പറഞ്ഞു. കുട്ടികൾക്ക് മൊമെൻേറാകൾ വിതരണം ചെയ്ത ശേഷം സെൻറർ ഇൻ ചാർജ് സഹോ. പ്രഭാകർ ദാസ് നടത്തിയ നന്ദി പ്രകടനത്തോടെ ക്യാമ്പ് അവസാനിച്ചു.



# വി.ബി.എസ്.ഇ. പരിപാടികൾ

ഏപ്രിൽ 12 മുതൽ 17 വരെ മുസാഫർപൂരിൽ വിവിധ സ്ഥലത്ത് വെച്ച് വി.ബി.എസ്.ഇ.യുടെ പരിപാടികളും പൊതുവേദികളും സംഘടിപ്പിക്കുകയുണ്ടായി. ഡെഹ്റാഡൂണിൽ നിന്നും ശ്രീ. ആർ.എസ്.ചൗഹാൻ, ലെഫ്.കേണൽ ഡോ.മനുചോപ്ര, ഗസിയബാദിൽ നിന്നും സഹോ. ചന്ദ്രകാന്ത, മുസാഫർപൂരിൽ നിന്നും ശ്രിമതി മധു രോഹില്ല, കേണൽ അനിൽ കുമാർ, സഹോ. സഞ്ജീവ് ഭാരതി (സെൻറർ ഇൻ ചാർജ്) എന്നിവരായിരുന്നു ഇതിൻെറ ആസൂത്രകർ. പരിപാടി കൂടുതൽ ഫലദായകമാവുന്നതിനു വേണ്ടി ഈ ടീം കോളേജ് പ്രൊഫസർമാരുമായും, അദ്ധ്യാപകരുമായും ആർമി ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.



ഈ വി.ബി.എസ്.ഇ. പരമ്പരയുടെ ആരംഭം ഏപ്രിൽ 12-ന് ബീഹാറിലെയും ഝാർഖണ്ഡിലേയും സോണൽ ഇൻ ചാർജ് സഹോ. ജി.എം. ഭട്നാഗറിൻെറ സാന്നിദ്ധ്യത്തിൽ പാട്നയിലെ പരിപാടിയോടു കൂടി തുടങ്ങി.

അവിടെ നിന്നും അവർ മുസാഫർപൂരിലെത്തി, ഏപ്രിൽ 13-ന് ദയാലു സിംങ്ങ് കോളേജിൽ ഒരു പരിപാടി നടത്തി. ഏപ്രിൽ 14-ന് മുസാഫർ നഗറിലെ 151 ഇൻഫൻ്ററി ബറ്റാല്യൻ (ടി.എ) ജട്-ൽ വെച്ച് ഒരു പൊതുയോഗം സംഘടിപ്പിച്ചു. അവിടെ സഹോദരി ചന്ദ്രകാന്തയും, സഹോദരി മധു രോഹില്ലയും ചേർന്ന് വി.ബി.എസ്.ഇ.യുടെ പ്രാധാന്യത്തെക്കുറിച്ച് ഉദാഹരണ സഹിതം വിശദീകരിച്ചു. ഇതിൽ 125 പേരോളം പങ്കെടുത്തു.

ഏപ്രിൽ 15-ന് ഹോളി മിഷൻ സീനിയർ സെക്കൻററി സ്കൂൾ അദ്ധ്യാപകരുമായി വളരെ രസകരവും ഫലപ്രദവുമായ ഒരു ചർച്ചയിൽ ഇവർ പങ്കെടുത്തു. കേണൽ അനിൽ രോഹില്ല ആദ്ധ്യാത്മികതയുടെ അർത്ഥത്തെക്കുറിച്ച് ഇവർക്ക് വിവരിച്ചു കൊടുത്തു.

തുടർന്ന് ഏപ്രിൽ 26-ന് 50 ഓളം അദ്ധ്യാപകർ പങ്കെടുത്ത ഒരു വി.ബി.എസ്.ഇ. പ്രോഗ്രാം മാലിഘട്ടിലെ ഡി.എ.വ്വി. പബ്ലിക് സ്കൂളിൽ വെച്ച് നടത്തി.

ഏപ്രിൽ 17-ന് മധുബനിയിൽ വെച്ച് ഒരു പൊതുയോഗം സംഘടിപ്പിച്ചു. വി.ബി.എസ്.ഇ. പരിശീലന ക്ലാസ്സുകളിൽ പങ്കെടുത്തു കൊണ്ടിരിക്കുന്ന അറുപതോളം അഭ്യാസികൾ ഈ യോഗത്തിൽ പങ്കെടുത്തു. മധുപനി മുസാഫർപൂരിൽ നിന്നും 110 കി.മി. ദൂരെയാണ് സ്ഥിതി ചെയ്യുന്നത്.

5 മുതൽ 13 വയസ്സുവരെയുള്ള കുട്ടികളെ ഉദ്ദേശിച്ച് ഒരു മാസം നീണ്ടു നിൽക്കുന്ന ഒരു വി.ബി.എസ്.ഇ. ശിൽപശാല, മെയ് 5-ന് ജാംനഗർ കേന്ദ്രത്തിൽ ആരംഭിച്ചു. 80 കുട്ടികൾ ഇതിൽ പങ്കെടുത്തു. അതിൽ നാൽപതുപേർ സ്ഥിരമായി പങ്കെടുക്കുന്നവരായിരുന്നു. ഗുരു, ദൈവം, സ്നേഹം, പ്രാർഥന, അച്ചടക്കം, വിനയം മുതലായ വിവിധ വിഷയങ്ങൾ ഈ ശിൽപശാലയിൽ ചർച്ച ചെയ്തു. ദിവസവും പ്രാർഥനക്കുശേഷം കുട്ടുകൾക്കിഷ്ടപ്പെട്ട കളികളിൽ വ്യാപ്രുതരാവുവാൻ അവരെ പ്രേരിപ്പിച്ചിരുന്നു.

പരിപാടിയുടെ അവസാന ദിവസം കുട്ടികളുടെ രക്ഷിതാക്കളെയും ഇവിടേക്ക് ക്ഷണിച്ചിരുന്നു. നൂറിലധികം പേർ കുട്ടികൾ കാഴ്ച വെച്ച വിവിധ കലാപരിപാടികൾ കണ്ടാസ്വദിച്ചു. സൗന്ദര്യത്തിൻേറയും ശ്രദ്ധയുടേയും പര്യായമായ റോസാചെടികൾ എല്ലാവർക്കും സമ്മാനിച്ചു. ഈ പരിപാടികളിൽ പങ്കെടുത്ത ശേഷം കുട്ടികൾ ടിവി കാണുന്നത് ഗണ്യമായി കുറഞ്ഞു എന്ന് രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു. രാവിലെയും, ഭക്ഷണത്തിനു മുമ്പും രാത്രി ഉറങ്ങുന്നതിനു മുമ്പും പ്രാർഥിക്കുന്ന രീതി കുട്ടികളിൽ കാണുവാൻ സാധിച്ചു.

2010 മെയ് 15, 16 തിയതികളിൽ മദ്ധ്യപ്രദേശിലെ വിദിശ കേന്ദ്രത്തിൽ വെച്ച് വി.ബി.എസ്.ഇ.യുടെ ഒരു ശിൽപശാല ആസൂത്രണം ചെയ്യുകയുണ്ടായി. "ദൈവവും ഗുരുവും.", "വിനയപൂർവ്വം അന്യരെ എങ്ങനെ ബഹുമാനിക്കാം." എന്നീ രണ്ടു വിഷയങ്ങൾ ആദ്യ ദിവസത്തെ ചർച്ചക്ക് വിഷയമായി. സഹോദരി അഞ്ജലിയും സഹോദരൻ പ്രമോദും ചേർന്ന് പല കളികളിലൂടെയും കൊച്ചു നാടകങ്ങളിലൂടെയും ശാസ്ത്ര പരീക്ഷണങ്ങളിലൂടെയും ഈ മൂല്യങ്ങളെ അവതരിപ്പിച്ചു. അച്ചടക്കമായിരുന്നു രണ്ടാമത്തെ ദിവസത്തെ വിഷയം. ഇതും വിവിധ മാർഗ്ഗങ്ങളിലൂടെ വിശദീകരിച്ചു കൊടുത്തു. ശാരീരികമായ ആരോഗ്യം നിലനിർത്തേണ്ടതിൻെറ ആവശ്യകത വിശദീകരിക്കുന്നതിനുവേണ്ടി കുട്ടികൾക്ക് യോഗ പരിശീലനം നൽകുകയുമുണ്ടായി.

## ജഷോര



ജയിൻ ഗ്രൂപ്പിൻെറ ആഭിമുഖ്യത്തിൽ മെയ് 12-നും 13-നും ഇൻഡോറിലെ ജഷോരയിൽ വെച്ച് ഒരു വി.ബി.എസ്.ഇ. പ്രോഗ്രാം ആസൂത്രണം ചെയ്യുകയുണ്ടായി. 9 ദിവസത്തെ ക്യാമ്പിൻെറ ഭാഗമായാണ് ഇത് നടപ്പാക്കിയത്.

വി.ബി.എസ്.ഇ. പ്രോഗ്രാം ക്യാമ്പിൻെറ അവസാനത്തെ രണ്ടു ദിവസമായിരുന്നു. 10 പേരടങ്ങുന്ന വളൻറിയർ സഹോദരി സഹോദരന്മാരാണ് ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയത്. ഇതിനെ അഞ്ചു ഭാഗങ്ങളായി വേർതിരിച്ചിരുന്നു. ഓരോ ഭാഗവും സ്നേഹം, ബഹുമാനം, ആശയവിനിമയം, ശ്രവണം, സഹകരണം എന്നീ തത്വങ്ങളിൽ ഊന്നിയായിരുന്നു. ഈ മൂല്യങ്ങൾ നമ്മളെ എങ്ങനെ ബാധിക്കുന്നു, ചുറ്റുപാടുകളെ എങ്ങനെ ബാധിക്കുന്നു, അദ്ദേഹത്തെ എങ്ങനെ ബാധിക്കുന്നു എന്നീ മൂന്നു വിഭാഗമായാണ് ചർച്ച ചെയ്തത്.

13-നും 16-നും ഇടയിലുള്ള 40 കുട്ടികൾ ഇതിൽ പങ്കെടുത്തു. സഹോദരി യാമിനി കർമാർക്കറും, സഹോദരൻ രാജേഷ് രവേർക്കറും കൈകാര്യം ചെയ്ത ആദ്യത്തെ ക്ലാസ്സ്, ഉദാഹരണങ്ങളും പരീക്ഷണങ്ങളും കൊണ്ട് നിറഞ്ഞതായിരുന്നു. മൂല്യങ്ങളാണ് നമ്മെ സന്തോഷത്തിലേക്കും, ലാഘവത്വത്തിലേക്കും വളർച്ചയിലേക്കും നയിക്കുന്നതെന്ന് പരിപാടിയുടെ അവസാനത്തിൽ കുട്ടികൾക്ക് ബോദ്ധ്യപ്പെട്ടു. ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ ആശയവിനിമയം എങ്ങനെ നടക്കുന്നു എന്നും അതനുസരിച്ച് നല്ല ആരോഗ്യം, ശരിയായ കാഴ്ച്ചപ്പാട്, പരാജയം വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്, മിതത്വത്തോടുകൂടിയ സമീപനം, മുതിർന്നവരോടുള്ള ബഹുമാനം, ആശയ വിനിമയം, സഹകരണം, മറ്റുള്ളവരെപ്പറ്റിയുള്ള ഉൽകണ്ഠ, മറ്റുള്ളവരുമായി പങ്കുവെക്കുക മുതലായ കാര്യങ്ങൾ എങ്ങനെയുണ്ടാവണമെന്ന് പ്രായോഗികമായ

ഉദാഹരണത്തിലൂടെ അവതരിപ്പിച്ചു. സഹോ. ശേഖർ ശർമ്മ, സഹോദരി പ്രീതിശർമ്മ, സഹോദരി വിനീത രവേർക്കർ എന്നിവരുടെ കഥകളും, കൊച്ചു വിനോദങ്ങളും ശാസ്ത്ര പരീക്ഷണങ്ങളും ഈ അവതരണത്തിന് വളരെ സഹായകമായി.

മൂല്യങ്ങൾക്ക് ഉണ്മയുമായുള്ള ബന്ധത്തെക്കുറിച്ചായിരുന്നു മൂന്നാം ഘട്ടത്തിലെ പ്രതിപാദ്യ വിഷയം. അദ്ദേഹം എന്നിൽ വസിക്കുന്നതു കൊണ്ട് അദ്ദേഹത്തോടുള്ള എന്റെ ബഹുമാനവും സ്നേഹവും, മറ്റു സഹജീവികളോടുള്ള ബഹുമാനത്തിലും സ്നേഹത്തിലും പ്രകൃതി വിഭവങ്ങളുടെ ശരിയായ വിനിയോഗത്തിലും പ്രതിഫലിക്കേണ്ടത് അനിവാര്യമാണ്. ഏറ്റവും ഒടുവിലായി പരിശീലകരെ നാലായി വിഭജിച്ച് തിരഞ്ഞെടുത്ത വിഷയങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിന് ക്ഷണിക്കുകയുണ്ടായി. സഹോദരൻ വിനോദ് സാഥേ, ശ്രീരാം ദ്രാവീഡ്, രജേഷ് എന്നിവരാണ് ഈ ചർച്ചക്ക് നേതൃത്വം നൽകിയത്.

തങ്ങളുടെ ജീവിതത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെക്കുറിച്ച് കുട്ടികളോട് പറയുവാൻ ആവശ്യപ്പെടുകയുണ്ടായി. കാര്യങ്ങൾ ചെറുതായിരുന്നെങ്കിലും പ്രായോഗികമായിരുന്നു. കുട്ടികളിൽ നിന്നുള്ള പ്രതികരണം അത്യന്തം സന്തോഷ ജനകമായിരുന്നു. തുറന്നതും അയഞ്ഞതുമായ സമീപനവും, വി.ബി.എസ്.ഇ.യിൽ കൂടി മാസ്റ്റർ നൽകിയ ദിവ്യത്വവും കുട്ടികൾക്ക് ഹൃദയ സ്പർശിയായിരുന്നു.

സമാപന ദിവസം, സംഘാടകരുടെ കുടുംബാംഗങ്ങളേയും, സിറ്റിയിലെ മറ്റു സാമൂഹ്യ പ്രവർത്തകരേയും ക്ഷണിച്ചുകൊണ്ട് സഹോദരൻ രാജേഷ് മിഷനെ കുറിച്ച് ചെറുതായി അവതരിപ്പിച്ചു.

## പുതിയ പ്രകാശ കേന്ദ്രങ്ങൾ

### കാസർകോഡ്, കേരളം

കാസർകോഡ് കേന്ദ്രത്തിലെ മെഡിറ്റേഷൻ ഹാളിന്റെ ഉദ്ഘാടനം 2010 മേയ് 2–ന് നടന്നു. 2007 ജനുവരി 2–നാണ് ഈ കേന്ദ്രം സ്ഥാപിതമായത്. കാസർകോഡ് സിറ്റിയിൽ നിന്നും മാറി 16 കി.മി. അകലെ ബേല എന്ന ഗ്രാമത്തിലെ കണ്ണാശുപത്രിയിലാണ് ഈ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ആശുപത്രി ജീവനക്കാരിൽ മിക്കവരും അഭ്യാസികളാണ്.

പയ്യന്നൂർ കേന്ദ്രത്തിലെ സെൻറർ ഇൻ ചാർജ് ടി. വി. കുഞ്ഞിക്കണ്ണൻ നടത്തിയ സത്സംഗത്തിൽ 60 അഭ്യാസികൾ പങ്കെടുത്തു. അതിനു ശേഷം അദ്ദേഹം ഔപചാരികമായി കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് സത്സംഗത്തിൽ പങ്കെടുത്തവരുടെ പ്രഭാഷണങ്ങളും, കുട്ടികളുടെയും ജീവനക്കാരുടെയും കലാപരിപാടികളും ഉണ്ടായിരുന്നു.

ഭൗതികതയുടെയും ആദ്ധ്യാത്മികതയുടെയും സന്തുലനത്തിന് ഉദാഹരണമാണ് ഈ സെൻറർ എന്ന് സഹോ. കുഞ്ഞിക്കണ്ണൻ അഭിപ്രായപ്പെട്ടു. ശരിയായി ജീവിക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചും ശുദ്ധീകരണത്തിന്റെ സാംഗത്യത്തെക്കുറിച്ചും പാരിസ്ഥിതിക സദാചാരത്തെ കുറിച്ചും ആശുപത്രിയിടെ അദ്ധ്യക്ഷൻ സഹോദരൻ നീലകണ്ഠൻ സംസാരിച്ചു. മനുഷ്യ ജീവിതത്തിൽ സേവനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സഹോദരൻ ജയശങ്കർ ഐ.പി.എസ്., ഇങ്കം ടാക്സ് കമ്മീഷണർ, നാഗ്പൂർ സംസാരിച്ചു. ഡയറക്റ്റർ സഹോദരൻ ഉമേഷ്, പ്രിസപ്റ്ററും മെഡി. ഡയറക്റ്ററുമായ ഡോ. സുനിൽ, ഡോ. കെ. നാരായണൻ, മെഡി. അഡ്വൈസർ, മി. ഫിലിപ്പോസ് ചെയർമാൻ സേവന ട്രേഡ്സ് എന്നിവർ സംസാരിച്ചു. ഈ അവസരത്തിൽ മുഴുവനും തന്നെ മാസ്റ്ററുടെ സ്നേഹാനുഗ്രഹങ്ങൾ വളരെ പ്രബലമായി അനുഭവപ്പെട്ടു.

### തിത്തോടി, സൗരാഷ്ട്ര






മാസ്റ്ററുടെ അനുഗ്രഹാശിസ്സുകൾ കൊണ്ട്, കഴിഞ്ഞ രണ്ടു മൂന്നു മാസങ്ങളായി, സൗരാഷ്ട്ര ഭാഗത്ത്, പ്രത്യേകിച്ച് ജാംനഗർ മുതൽ ദ്വാരക വരെയുള്ള സ്ഥലത്ത്, മിഷന്റെ പ്രവർത്തനങ്ങൾ വളരെയധികം വർദ്ധിച്ചു. ജൂൺ 13–ന് ഞായറാഴ്ച സഹോദരൻ രാജേഷ് അഗർവാൾ, ഗുജറാത്ത് സോണൽ ഇൻ ചാർജ്, കംബാലിയക്ക് സമീപമുള്ള തിത്തോടി സന്ദർശിച്ചു. വെറും 7 അഭ്യാസികൾ മാത്രമാണ് അപ്പോഴുണ്ടായിരുന്നത് . കൃത്യമായി വരാത്തവരുമായി ബന്ധപ്പെടുവാൻ അഭ്യാസികളോട് ആവശ്യപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ കൃപയാൽ 20 പേർ ഞായറാഴ്ച്ച സത്സംഗത്തിൽ തിരിച്ചെത്തി. ഗുജറാത്ത് സോണൽ ഇൻ ചാർജിന്റെയും ഏതാണ്ട് ഇരുപത്തഞ്ച് അഭ്യാസികളുടെയും സാന്നിദ്ധ്യത്തിൽ കംബാലിയ സെൻറർ ഇൻ ചാർജ് സഹോദരൻ ഭാവിൻ പട്ടേൽ ധ്യാനമന്ദിരം ഉദ്ഘാടനം ചെയ്തു. സൗരാഷ്ട്രയിലെ തിത്തോടി എന്ന ഈ കൊച്ചു ഗ്രാമം കഴിഞ്ഞ മൂന്നു വർഷമായി മിഷന്റെ ഒരു കേന്ദ്രമാണ്. ഇവിടത്തെ ജനസംഖ്യയാകട്ടെ 2500–ആണ്.

### ലോക പരിസ്ഥിതി ദിനത്തിലെ വൃക്ഷ തൈ നടൽ – ജാംനഗർ, ഗുജറാത്ത്

ജൂൺ 5–ന് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജാംനഗർ മെഡിക്കൽ കോളേജിൽ പഠിക്കുന്ന അഭ്യാസികൾ വൃക്ഷ തൈകൾ നടുന്നതിന് മുൻ കൈ എടുക്കുകയുണ്ടായി. ജാംനഗർ സെൻറർ ഇൻ ചാർജ് സഹോദരൻ ദിനേഷ് വ്യാസിന്റെയും മറ്റു അഭ്യാസികളുടെയും സാന്നിദ്ധ്യത്തിൽ അവർ കോളേജ് ക്യാമ്പസിൽ വൃക്ഷതൈകൾ നട്ടു. വൈകുന്നേരത്തെ പരിപാടിയിൽ ജാംനഗർ മുൻസിപ്പൽ കോർപ്പറേഷൻ അംഗങ്ങളായ ശ്രീമതി ഹർഷിത പാണ്ഡെ, ശ്രീമതി സഹാറ മക്വാന, സഹോദരി സഗോയ എന്നിവർ ക്ഷണിതാക്കളായിരുന്നു. ഈ ഉദ്യമത്തിന് പ്രോത്സാഹനമായി 40–ൽ അധികം കുട്ടികളും അവരുടെ രക്ഷിതാക്കളും അവിടെ സന്നിഹിതരായിരുന്നു.







ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# അഭ്യാസി പരിശീലന പരിപാടികൾ

## ഗ്വാളിയോർ



മാസ്റ്ററുടെ അനുഗ്രഹത്താൽ ഒരു അഭ്യാസി പരിശീലന പരിപാടി ഗ്വാളിയോർ സെൻററിൽ വെച്ച് മേയ് 14-16 വരെ നടത്തി. ഗ്വാളിയോറിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നുമുള്ള 31 അഭ്യാസികൾ പരിപാടിയിൽ പങ്കെടുത്തു.

മേയ് 14-ന് ചേർന്ന അഭ്യാസികൾ വ്യക്തിഗത സിറ്റിംഗ് എടുത്തു കൊണ്ട് തയ്യാറെടുപ്പ് തുടങ്ങി. വൈകീട്ട് നടന്ന സത്സംഗത്തിനു ശേഷം സ്വാഗത പ്രസംഗവും തുടർന്ന് പരിശീലന പരിപാടിയുടെ പ്രസക്തിയും മാർഗനിർദ്ദേശങ്ങളും വ്യക്തമാക്കുന്ന ഒരു നാടകവും നടത്തി.

മേയ് 15-ന് "ലക്ഷ്യമുറപ്പിക്കേണ്ടതിൻെറ പ്രാധാന്യം", 'ധ്യാനവും കൂട്ടായ സത്സംഗവും' എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു ആദ്യപരിപാടി. തുടർന്ന് ഗ്രൂപ്പ് തിരിച്ചുള്ള ചർച്ചയും ചോദ്യോത്തര വേളയുമുണ്ടായി. രണ്ടാമത്തെ സെഷനിൽ ശുദ്ധീകരണത്തെ പ്പറ്റിയും ഡയറി എഴുതുന്നതിനെപ്പറ്റിയും ഉള്ള പ്രഭാഷണങ്ങളും ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചയും ചോദ്യോത്തര വേളയുമുണ്ടായി. മൂന്നാമത്തെ വേളയിൽ ദശസൂക്തങ്ങളെക്കുറിച്ചായിരുന്നു ചർച്ച. പ്രഭാഷണവും ചോദ്യോത്തരവും ഉണ്ടായി. ആദ്യത്തെ മൂന്ന് സൂക്തങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്.

മേയ് 16-ന് അവസാനത്തെ ഏഴ് സൂക്തങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടാണ് പരിപാടി തുടങ്ങിയത്. 'പ്രാർഥന' ,'നിരന്തരസ്മരണ' തുടങ്ങിയവയെ അധികരിച്ച് പരിപാടിയുടെ രണ്ടാമത്തെ ഭാഗം നടത്തി. മൂന്നാമത്തെ ഭാഗത്തിൽ 'സ്നേഹം, കൃതജ്ഞത' എന്നിവയെ കുറിച്ചായിരുന്നു ചർച്ച നടത്തിയത്.

രാവിലെ നാലു മണിക്ക് ഉണർന്ന്, പ്രഭാത ധ്യാനം, ആത്മപരിശോധന, പുസ്തകപാരായണം, ആത്മ നിശ്ശബ്ദത തുടങ്ങിയവക്ക് അവസരമുണ്ടായിരുന്നു. വൈകുന്നേരങ്ങളിൽ വ്യക്തിഗത സിറ്റിംഗ്, ശുദ്ധീകരണം, സാർവ്വ ലൗകിക പ്രാർഥന, ഭജനുകൾ തുടങ്ങിയവയുണ്ടായിരുന്നു.

## ഡൽഹി

അഭ്യാസി പരിശീലന പരിപാടിയുടെ 'ലെവൽ 1' ഡൽഹി സെൻററിലെ ആർ.കെ. പുരം ആശ്രമത്തിൽ നടത്തി. ഡൽഹി ഗുർഗവോൺ തുടങ്ങിയ സെൻററിലെ 36-ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. സഹോ. ഗ്യാൻ സാരിനായിരുന്നു സംഘാടകൻ. രാവിലെ സത്സംഗത്തിനു ശേഷം 9.30-ന് തുടങ്ങിയ ആദ്യ ഭാഗം 2.30 വരെയുണ്ടായി. ചുരുങ്ങിയ സമയത്തിനുള്ളിൽ വിശദമായ അറിവ് പകരുവാൻ ഇത് ഉപയുക്തമായി എന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. പരിപാടിയുടെ ആസൂത്രണം എല്ലാവർക്കും ഇഷ്ടമായി.

## മിർസാപ്പൂർ, യു.പി.

സോണൽ ഇൻ ചാർജ് ശ്യാംജി മെഹ്‌രോത്രയുടെ പ്രത്യേക ഉത്സാഹത്താൽ പ്രിസപ്റ്ററായ സഹോ. സുരേഷ് കുമാർ ത്രിപാഠിയുടെ വസതിയിൽ വെച്ച് നടത്തിയ അഭ്യാസി പരിശീലന പരിപാടി മിർസാപൂർ സെൻററിൻെറ ആദ്യാനുഭവമായിരുന്നു. ഈ



സെൻററിലെ 32-ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്ത് ആത്മീയ നേട്ടം കൈവരിച്ചു. സിസ്റ്റർ അഞ്ജു ശ്രീവാസ്തവ (കാൺപൂർ സെൻറർ), സഹോ. സുലഭ് സോണി (ലക്നൗ സെൻറർ) എന്നിവർ അവതാരകരായിരുന്നു. യുവാക്കൾ സജീവമായി പങ്കെടുത്ത ഈ പരിപാടി അടുത്തിയിടെ അഭ്യാസികളായവരുടെ സംശയ നിവാരണത്തിനും പരിശീലന ക്രമങ്ങളെ വിശദീകരിക്കാനും ഉതകി.

സാധന, ശുദ്ധീകരണം, നിരന്തര സ്മരണ തുടങ്ങിയവയെ കേന്ദ്രീകരിച്ച് നടന്ന ചർച്ചകൾ അഭ്യാസികളുടെ സംശയ ദുരീകരണത്തിനും സ്വയം വിശകലനം ചെയ്യുന്നതിനും സഹായകരമായി.

## ഇന്തോർ,എം.പി.യിലെ പുതിയ അഭ്യാസികൾക്കായുള്ള പരിപാടി

ഞായറാഴ്ച മേയ് 23-ന് പുതിയ അഭ്യാസികൾക്കായി ഇന്തോർ സെൻററിൽ ഒരു പരിശീലന പരിപാടി നടത്തി. 25-ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. വിവിധ ഗ്രൂപ്പുകളായി ഇവരെ തിരിച്ച്, പ്രിസപ്റ്റർമാരും പരിശീലകരും ഓരോ ഗ്രൂപ്പിനും നേതൃത്വം നൽകി. അഭ്യാസികൾ, പരിശീലിച്ചു നോക്കുന്നതിനു മുമ്പ് തന്നെ ഇതിലെ സൂക്ഷ്മ തലങ്ങളെപ്പറ്റി അറിയുന്നതിനാണ് ഔത്സുക്യം കാണിച്ചത് എന്നതായിരുന്നു പ്രധാന പ്രശ്നം. യോഗത്തിൻെറ അവസാനം പരിശീലനത്തിന് മുൻ തൂക്കം കൊടുക്കണമെന്നു ധാരണയുണ്ടായി. ശുദ്ധീകരണം, ധ്യാനം എന്നിവയിലെ സംശയങ്ങൾ നിവാരണം ചെയ്തു. ദശസൂക്തങ്ങൾ മനസ്സിലാക്കി പരിപാലിക്കേണ്ടതിൻെറ ആവശ്യകത വിശദമായി ചർച്ച ചെയ്തു. എല്ലാത്തിനുമുപരിയായി പൂജ്യ മാസ്റ്ററുടെ സഹായം എല്ലായ്പ്പോഴും ഉണ്ടായിരിക്കുമെന്നത് പങ്കെടുത്തവരെ ധരിപ്പിച്ചു.

## സാധനയെപ്പറ്റി ശിൽപശാല -തെങ്കാശി, തമിഴ്നാട്

തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലെ തെങ്കാശിയിൽ ജൂൺ 13-ന് സഹജമാർഗ്ഗ സാധനയെപ്പറ്റി ഒരു പഠന ശിബിരം നടത്തി. പുലിയൻ ഗുഡിയിൽ നിന്നുമുള്ള 6 അഭ്യാസികളെയും ചേർത്ത് മൊത്തം 21 പേർ ഇതിൽ പങ്കെടുത്തു. അഭ്യാസികളെ നാലു ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും സാധനയേയും ആദ്ധ്യാത്മികതയേയും അടിസ്ഥാനമാക്കി ഓരോ വിഷയം നൽകി. മാസ്റ്ററുടെ അളവില്ലാത്ത അനുഗ്രഹത്തിന് തങ്ങൾ പാത്രീഭൂതരായി എന്ന് എല്ലാ അഭ്യാസികളും അഭിപ്രായപ്പെട്ടു. "ആനന്ദം ദൈവകൃപ ആകർഷിക്കും" എന്ന് ബാബുജി വിസ്പേർസിൽ' പറഞ്ഞതിന് ഇത് തെളിവായി. എല്ലാ അഭ്യാസികൾക്കും ഈ പരിപാടി ചിന്തോദ്ദീപകമായി. □

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## ജൂലായ് 24-ലെ ആഘോഷത്തിനായുള്ള തയ്യാറെടുപ്പ്, ലഖ്നൗ.





## കർണ്ണാടകയിലെ ചിക്മംഗ്ലൂരിൽ ഒരു കൂട്ടായ്മ



2010 ജൂലായ് 24-ന് ലഖ്നൗവിൽ വെച്ചുള്ള മാസ്റ്ററുടെ ജന്മദിനാഘോഷത്തിനായുള്ള തയ്യാറെടുപ്പുകൾ ശീഘ്ര ഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു. വിശാലമായ ലഖ്നൗ ആശ്രമപരിസരം നവീകരണ പ്രവർത്തനങ്ങളാൽ ശ്രദ്ധേയമാണ്. താമസ സൗകര്യങ്ങൾ, അടുക്കള, മറ്റു സ്റ്റാളുകൾ തുടങ്ങിയവ നിർമ്മിച്ചു കൊണ്ടിരിക്കുന്നു. ഒരു പുതിയ ധ്യാന മണ്ഡപത്തിൻെറ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. റോഡുകളുടെ നിർമ്മാണവും, പുതിയ ഡോർമ്മിറ്ററിയും അവസാന ഘട്ടത്തിലേക്ക് കടന്നു കഴിഞ്ഞു. ആശ്രമത്തിന് പുതുമയേകിക്കൊണ്ട് ഒരു വലിയ പ്രവേശന കവാടം ഒരുങ്ങിക്കഴിഞ്ഞു. ധാരാളം അഭ്യാസികളെ പ്രതീക്ഷിച്ചുകൊണ്ട്, ധൃതഗതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. കൃത്യ സമയത്തു തന്നെ ജോലികളുടെ പൂർത്തീകരണം ലക്ഷ്യമാക്കി വളൻറിയർമാർ അഹോരാത്രം പണിയെടുക്കുന്നുണ്ട്.

## കർണാടകയിലെ ചിക്കനായകനഹള്ളി സെൻററിലെ ഒന്നാം വാർഷിക ദിനാഘോഷം

കർണ്ണാടകയിലെ ചിക്കനായകനഹള്ളി, ഹൂളിയാർ എന്നീ സെൻററുകൾ 2010 ജൂൺ 13-ന് വാർഷികദിനം ആഘോഷിച്ചു. ഇപ്പോൾ ചിക്കനായകനഹള്ളിയിൽ 35-ഉം, ഹൂളിയാറിൽ 20-ഉം അഭ്യാസികൾ ഉണ്ട്. ആഘോഷങ്ങളുടെ ഭാഗമായി അഭ്യാസികൾ ഒരു മുഴുവൻ ദിന പരിപാടി നടത്തി. തുംകൂർ, തിപ്പൂർ, ചിക്കനായകനഹള്ളി, ഹൂളിയാർ തുടങ്ങിയ സെൻററുകളിൽ നിന്നുള്ള 70 ഓളം അഭ്യാസികൾ ചിക്കനായകനഹള്ളി സെൻററിൽ ഈയവസരത്തിൽ ഒത്തുകൂടി.

"സഹജമാർഗ്ഗം, ഒരു ജീവിത രീതി" എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചകളിൽ സാധനയുടെ വിവിധ വശങ്ങൾ വിശദീകരിക്കപ്പെട്ടു. പുതിയ അഭ്യാസികൾ തങ്ങളുടെ അനുഭവങ്ങൾ വിവരിച്ചു. വൈകീട്ട് സത്സംഗത്തോടെ പരിപാടി അവസാനിച്ചു. പ്രിയപ്പെട്ട മാസ്റ്ററുടെ ഓർമ്മയിൽ എല്ലാവരും തങ്ങളുടെ സെൻററുകളിലേക്ക് തിരിച്ചുപോയി.

ഏപ്രിൽ 8-ന് പ്രിസപ്റ്റർ സഹോ. ആർ.എസ്. സത്യനാരായണ, അദ്ദേഹത്തിൻെറ ചിക്മാംഗ്ലൂരിലെ വസതിയിൽ 40-ഓളം അഭ്യാസികൾക്ക് ഒത്തുചേരാൻ അവസരമൊരുക്കി.

ഉച്ച ഭക്ഷണത്തിനു ശേഷം സഹോ. നാഗരത്ന, സഹോ. രാമചന്ദ്ര, സഹോ. ദിനേഷ് ഗോഖലെ, സഹോ. ഡോ. സതീഷ്, സഹോ. ദേവരാജ്, സഹോ. പരിമള, സഹോ. രാജമ്മ തുടങ്ങിയവർ തങ്ങളുടെ ജീവിതത്തിൽ നിരന്തരസ്മരണയും കൃത്യമായ പരിശീലനവും കൊണ്ടുവന്ന മാറ്റങ്ങൾ വിവരിച്ചു. വൈകീട്ട് 6 മണിയോടെ പരിപാടി അവസാനിച്ചു. ഇത്രയും സമയം കടന്നു പോയത് ആരും അറിഞ്ഞില്ല.

## ഗുജറാത്തിലെ വഡോദരയിൽ മത്സര കളികൾക്കായി ഒരു ദിവസം

2010 മേയ് 30-ന് അഭ്യാസികളുടെ കുട്ടികൾക്കായി വഡോദരയിലെ വളൻറിയർമാർ മത്സര കളികൾ ഒരുക്കി. വഡോദര ആശ്രമത്തിൻെറ പുൽത്തകിടിയിൽ സത്സംഗ സമയത്താണ് ഈ പരിപാടി നടത്തിയത്. മൂന്നു വയസ്സിനും പതിനഞ്ചു വയസ്സിനും ഇടയിലുള്ള 25-30 കുട്ടികൾ ഇതിൽ പങ്കെടുത്തു. കുട്ടികളെ പ്രായത്തിനനുസരിച്ച് വിവിധ കൂട്ടങ്ങളായി തിരിച്ചു. മൂന്നു വയസ്സിനു താഴെയുള്ള കുട്ടികൾക്കായി 'പൊട്ടാറ്റോ റെയ്സ്' , 5-10 പ്രായക്കാർക്ക് 100 മീറ്റർ ഓട്ടം, 10 വയസ്സിനു മുകളിലുള്ളവർക്ക് 'ലെമൺ റെയ്സ്', 'റക്ക് സാക്ക് റെയ്സ്' എന്നിവയായിരുന്നു മുഖ്യ ഇനങ്ങൾ. കുട്ടികൾക്ക് ഇവ വളരെ സന്തോഷകരമായി. അവരുടെ ഇടയിൽ ആരോഗ്യപരമായ മത്സര ബുദ്ധി ഉളവാക്കാനും, വിനോദത്തിനും, ഉപരിയായി കൂട്ടായ്മക്കും ഇത് സഹായിച്ചു. മാതാപിതാക്കളും വളൻറിയർമാരും ഇത് നന്നായി ആസ്വദിച്ചു





ജൂലൈ 2010 വാല്യം 3 ലക്കം 4

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

പ്രകാശ കേന്ദ്രം

"നിങ്ങളാണ് നിരീക്ഷണ വസ്തു, നിരീക്ഷിക്കുന്നയാൾ നിങ്ങളും; നിരീക്ഷണ ഫലം നിങ്ങൾ തന്നെയും. മാസ്റ്ററോടോ, മിഷനോടോ എന്തെങ്കിലും പ്രതിബദ്ധത നിങ്ങൾ കാണിക്കുന്നുവെന്ന് നിങ്ങൾക്ക് തോന്നുന്നു എങ്കിൽ, അത് അബദ്ധമാണ്. അത്തരം പ്രതിബദ്ധത ഒരിക്കലുമില്ല, എല്ലായ്പ്പോഴും നിങ്ങളോട് മാത്രമാണ് പ്രതിബദ്ധത. ഇതോർക്കുന്നവരെല്ലാം ഭാവിയിൽ വിവേകപൂർവ്വം പ്രവർത്തിക്കും. ഇതു മറന്നുകൊണ്ട് വിഡ്ഢിയെപ്പോലെ ജീവിക്കുന്നവരുടെ ഭാവി ഇരുൾ നിറഞ്ഞതായിരിക്കുമെന്ന് പറയുന്നതിൽ എനിക്ക് വിഷമമുണ്ട്."

## ഗൗഹാട്ടി ആശ്രമം:

വടക്കു കിഴക്കൻ സംസ്ഥാനമായ ആസ്സാമിന്റെ തലസ്ഥാനമാണ് ഗൗഹാട്ടി. ഇവിടത്തെ ആശ്രമം അടുത്തീയിടെ നിർമ്മിച്ചതാണ്. ടിൻസുകിയ ആശ്രമം വളരെ മുമ്പ് നിർമ്മിച്ചതും ബാബുജിയുടെ സന്ദർശനത്താൽ അനുഗ്രഹിക്കപ്പെട്ടതുമാണ്.

1993 ഫെബ്രുവരി 10–12 തിയതികളിൽ മാസ്റ്ററുടെ സന്ദർശന സൗഭാഗ്യം ഗൗഹാട്ടി സെൻററിനുണ്ടായി. ഇത്തരുണത്തിൽ കല്യാൺ ഭവനിൽ സത്സംഗങ്ങളും വിവിധ യോഗങ്ങളും നടത്തുകയുണ്ടായി. ആസ്സാം തനിക്ക് അപരിചിതമല്ലെന്നും, തന്റെ ചെറിയച്ഛൻ ശ്രീ ഭദ്രൻ ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസിലുള്ളപ്പോൾ –തന്റെ ചെറുപ്പകാലത്ത്– ഇവിടെ മൈലുകളോളം നടക്കുകയും, കുതിരപ്പുറത്തും ആനപ്പുറത്തും ധാരാളം സവാരി ചെയ്യുകയും ഉണ്ടായിട്ടുണ്ടെന്ന് പൂജ്യ മാസ്റ്റർ വെളിപ്പെടുത്തുകയുണ്ടായി. ഗൗഹാട്ടി ഒരു കാടായിരുന്നു അക്കാലത്തെന്നും ഒരു വലിയ നദി ഇതിലെ ഒഴുകിയിരുന്നു എന്നും അദ്ദേഹം ഓർമ്മിച്ചു. തന്റെ യൗവന കാലത്ത് സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം ബാബുജിയുടെ പ്രവർത്തനം നടക്കുന്നുണ്ടെന്നും ആസ്സാമിലും അതു തന്നെയാണ് സംഭവിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തിനു പുറത്തു നിന്നുള്ള അഭ്യാസികൾ ഇവിടത്തെ ഭാഷ പഠിച്ച് ഇവിടെയുള്ളവരോട് ഇട പഴകി അവരെ മിഷനിലേക്കാകർഷിച്ചു കൊണ്ട് മാസ്റ്റർക്കു നൽകിയ ഉറപ്പ് പരിപാലിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു.

6500 ചതുരശ്ര അടി വരുന്ന സ്ഥലം 1998–ൽ ഭാഗികമായി സംഭാവനയിലൂടെയും, ബാക്കി ഇവിടത്തെ അഭ്യാസികൾ ചേർന്നും വാങ്ങി. ഈ സ്ഥലത്ത് ഭംഗിയുള്ള മുളയും വൈക്കോലും കൊണ്ടുള്ള ഒരു താൽക്കാലിക കുടിൽ നിർമ്മിച്ചു. അതിനു മുമ്പ് മൈത്രി മന്ദിറിലെ ഒരു അനാഥാലയത്തിലാണ് സത്സംഗം നടത്തിയിരുന്നത്.

2009–ൽ സ്ഥിരമായ ഒരു കെട്ടിടത്തിന്റെ ഭാഗികമായ പണി കഴിച്ചു. ആശ്രമത്തിന് ഇപ്പോൾ 1600 ച.അടി വിസ്തീർണ്ണമുള്ള സാമാന്യം വിശാലമായ ധ്യാന ഹാൾ ഉണ്ട്. ഞായറാഴ്ചകളിൽ വരുന്ന നൂറോളം അഭ്യാസികൾ ഇത് സൗകര്യമായി ഉപയോഗിക്കുന്നുണ്ട്. മാസ്റ്റർക്കായി നല്ലതു പോലെ സജ്ജീകരിച്ച ഒരു മുറിയും, വലിയ അടുക്കളയും, കുട്ടികൾക്കായുള്ള സ്ഥലവും, ആശ്രമം നോക്കി നടത്തുന്നയാൾക്കായുള്ള മുറിയും, സന്ദർശകർക്കായുള്ള മുറിയും, മൂന്നു ഭാഗങ്ങളിലും ഭംഗിയേറിയ പൂന്തോട്ടവും ഇവിടെയുണ്ട്.

സോൺ തലത്തിൽ മിഷന്റെ ആഘോഷങ്ങൾക്കും, അഭ്യാസി പരിശീലന പരിപാടികൾക്കും ഉപയുക്തമാക്കാൻ ഈ ആശ്രമത്തിന്റെ സ്ഥാനം സഹായകരമാണ്. മിഷന്റെ ഔദ്യോഗികമായ കർത്തവ്യ നിർവ്വഹണത്തിന്റെ ഭാഗമായി സഹോ. യു. എസ്. ബാജ്പേയിയെ പോലെയുള്ളവർ ആസ്സാമിലും മറ്റു വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും 2004–ൽ സന്ദർശിച്ചിരുന്നു. സഹോ. സീത കുഞ്ചിതപാദം വി.ബി.എസ്.ഇ. പഠനശിബിരം ഈ പ്രദേശത്തുള്ളവർക്കായി 2007–ൽ നടത്തി. 2008–ൽ സഹോ. എ.പി. ദുരൈ ഗൗഹാട്ടി റിഫൈനറിയിൽ വെച്ച് ഒരു ധ്യാന പരിശീലന പരിപാടി നടത്തി.

ഇപ്പോഴുള്ള ആശ്രമം ഇവിടത്തെ അഭ്യാസികളുടെ ആവശ്യ നിർവ്വഹണത്തിന് ഇപ്പോൾ ഉതകുന്നുണ്ടെങ്കിലും, ഭാവിയിലുണ്ടായേക്കാവുന്ന മിഷന്റെ വളർച്ച പരിഗണിച്ചും ആസ്സാമിനായി ഒരു സോണൽ ആശ്രമം എന്ന ലക്ഷ്യം മുൻനിർത്തിയും 2009–ൽ വിമാനത്താവളത്തിനടുത്ത് കൂടുതൽ സ്ഥലം വാങ്ങിയിട്ടുണ്ട്. പൂജ്യ മാസ്റ്റർ ഒരു ഭവന സൊസൈറ്റിയോടു കൂടി ഈ സ്ഥലം അംഗീകരിക്കുകയും, 'സഹജപുരം സൊസൈറ്റി' എന്നു അതിന് നാമകരണം ചെയ്യുകയും ഉണ്ടായി.

സോണൽ ആശ്രമം യാഥാർത്ഥ്യമാകുന്നതിന് ദൂരങ്ങൾ താണ്ടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഇവിടെയുള്ള അഭ്യാസികളുടെ വിജയത്തിനായി ആശംസിക്കുന്നു.










To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org
© 2009 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.